**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2033** **01-09-2022 - ൽ മറുപടിയ്ക്ക്**

**വൃക്ക മാറ്റിവച്ച രോഗി മരണപ്പെട്ട സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവച്ച രോഗി മരണപ്പെട്ട സംഭവത്തിൽ മെഡിക്കൽ കോളേജ് പോലീസ് രജിസ്റ്റർ ചെയ്ത കേസ് ഇപ്പോൾ ആരാണ് അന്വേഷിക്കുന്നത്; അന്വേഷണം പൂർത്തിയായോ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃക്ക മാറ്റിവച്ച രോഗി മരണപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ക്രൈം നം. 786/2022 u/s 174 CrPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം കഴക്കൂട്ടം സൈബർ സിറ്റി സബ് ഡിവിഷൻ പോലീസ് അസിസ്റ്റന്റ് കമ്മീഷണർ നടത്തി വരുന്നു. കേസിന്റെ അന്വേഷണം പൂർത്തിയായിട്ടില്ല. |
| (ബി) | പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചിരുന്നോ; എങ്കിൽ വിശദാംശങ്ങൾ എന്തൊക്കെയാണ്; അത് സംബന്ധിച്ച് മറ്റ് ലാബ് പരിശോധനാ റിപ്പോർട്ടുകൾ ലഭിക്കാനുണ്ടോ; അത്തരം റിപ്പോർട്ടുകൾ ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ; | (ബി) | ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ Cause of Death - Reserved Pending report of Laboratory Investigation എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കേസ്സിലേക്ക് ലാബ് പരിശോധന റിപ്പോർട്ടുകൾ ലഭിക്കാനുണ്ട്.ശാസ്ത്രീയ പരിശോധനാ റിപ്പോർട്ടുകൾ ലഭിക്കുന്നതിന് സ്വാഭാവികമായ സമയമെടുക്കാറുണ്ട്. |
| (സി) | മരണപ്പെട്ട രോഗിയുടെ ബന്ധുക്കളിൽ നിന്നും അന്വേഷണ ഉദ്യോഗസ്ഥൻ വിവരങ്ങൾ ശേഖരിച്ചോ; എങ്കിൽ എന്തൊക്കെ വിവരങ്ങളാണ് അവർ നൽകിയത്; | (സി) | ഉണ്ട്. മരണപ്പെട്ട രോഗിയുടെ ബന്ധുക്കളിൽ നിന്നും കേസ് അന്വേഷണത്തിന് സഹായകരമായിട്ടുള്ള വിവരങ്ങൾ ചോദിച്ച് മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | കേസിന്റെ അന്വേഷണത്തിനായി മെഡിക്കൽ ബോർഡ് രൂപീകരിക്കണമെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ അഭ്യർത്ഥിച്ചിരുന്നോ; എങ്കിൽ അതിനായി കത്ത് നൽകിയത് എന്നാണ്; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ? | (ഡി) | അഭ്യർത്ഥിച്ചിരുന്നു. കേസിന്റെ അന്വേഷണത്തിന് മെഡിക്കൽ ബോർഡ് രൂപീകരിക്കുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥൻ 21.07.2022-ൽ ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യം) അപേക്ഷ നൽകിയിരുന്നു. രോഗി മരണപ്പെടുന്ന കേസുകളിൽ ഫൈനൽ പോസ്റ്റുമോർട്ടം റിപ്പോർട്ടും കെമിക്കൽ അനാലിസിസ് റിപ്പോർട്ടും ജില്ലാ മെഡിക്കൽ എക്സ്പെർട്ട് കമിറ്റിയിൽ കേസ് പരിഗണിക്കുന്നതിന് അത്യാവശ്യമാണ്. പ്രസ്തുത കേസിൽ മേൽപ്പറഞ്ഞ റിപ്പോർട്ടുകൾ കൂടി ലഭ്യമാകുന്ന മുറയ്ക്ക്  ആരോഗ്യ മേഖലയിൽ നിന്നുമുള്ള വിദഗ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി ജില്ലാ മെഡിക്കൽ എക്സ്പെർട്ട് കമ്മിറ്റി |

| | | | |
|---|---|---|---|
| | | | രൂപീകരിച്ച് അഭിപ്രായ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥന് ആരോഗ്യ വകുപ്പ് കൈമാറുന്നതുമാണ് |

സെക്ഷൻ ഓഫീസർ